No. 77/Est/2017

"ഭരണഭാഷ - മാതൃഭാഷ"


ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com


നം.ഡിബി3/5068/17/സിഇ/തസ്വഭവ                    തീയതി : 23.06.2017

# സർക്കുലർ

വിഷയം: 2017-18 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത്-സംബന്ധിച്ച്

സൂചന : 16.06.2017-ലെ Principal Secretary -യുടെ മീറ്റിംഗ് നിർദ്ദേശം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾക്ക് ജൂൺ 15 -ന് തന്നെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുള്ളതാണ്. ടി അംഗീകാരം കിട്ടിയ എല്ലാ പ്രോജക്ടുകളുടേയും വിശദമായ എസ്റ്റിമേറ്റുകൾ PRICE Software മുഖാന്തിരം തയ്യാറാക്കേണ്ടതും, ആയത് പൂർത്തിയാകുന്ന മുറക്ക് PRICE Software മുഖേന സാങ്കേതികാനുമതിക്ക് സമർപ്പിക്കേണ്ടതുമാണ്. സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥനുതന്നെ SULEKHA Software മുഖേനെ പ്രോജക്ടുകൾ Vetting-ന് അയക്കേണ്ടതാണ്. എല്ലാ പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് 2017 ജൂലൈ മാസം 10-ാം തീയതിക്കകം തയ്യാറാക്കുന്നതിനും, ആയതിന്റെ സാങ്കേതികാനുമതി 2017 ജൂലൈ മാസം 18-ാം തീയതിക്കകം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, നടപ്പ് വർഷത്തെ മുഴുവൻ പ്രവൃത്തികളും ഓഗസ്റ്റ് 1-നകം ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

2. പ്രോജക്ട് പരിശോധിക്കുന്നതും, സാങ്കേതികാനുമതി നൽകുന്നതും ഒരേ ഉദ്യോഗസ്ഥനായതിനാൽ, രണ്ട് Software -കളും (PRICE Software & SULEKHA Software) ഒരേ സമയം പരിശോധിക്കേണ്ടതും DPC approval ലഭിച്ച പ്രോജക്ടുകളുടെ പേരും , പ്രോജക്ട് നമ്പറും PRICE estimate നോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെയും, സാങ്കേതികാനുമതി നൽകുന്നതിന്റെയും പ്രതിദിന റിപ്പോർട്ട് നൽകണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് ചീഫ് എഞ്ചിനീയറുടെ വെബ് സൈറ്റിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ എന്നിവർ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. സുപ്രണ്ടിംഗ് എഞ്ചിനീയർമാരും/ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മേൽ നിർദ്ദേശം നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

for ചീഫ് എൻജിനീയർ

S 1055